പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4125

16.12.2014-ൽ മറുപടിയ്ക്ക്

## സർക്കാർ കക്ഷിയാവുന്ന കേസ്സുകൾ

ചോദ്യം

ശ്രീ കെ.മുഹമ്മദുണ്ണി ഹാജി

ഉത്തരം

ശ്രീ.കെ.എം.മാണി

ബഹു.ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സർക്കാർ കക്ഷിയാവുന്ന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ ഉദ്യോഗസ്ഥരും, സർക്കാർ അഭിഭാഷകരും കൂടുതൽ ജാഗ്രത പുലർത്തുന്നതിനു വേണ്ടി നിർദ്ദേശങ്ങൾ നൽകാറുണ്ടോ; | ഉണ്ട്. സർക്കാർ കക്ഷിയായ കേസ്സുകൾ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പുലർത്താനുള്ള നിർദ്ദേശങ്ങൾ ഈ വകുപ്പിൽ നിന്നും 03.12.2011 തീയതിയിൽ പുറപ്പെടുവിച്ച സ.ഉ(അച്ചടി) നമ്പർ 12/2011/നിയമം പ്രകാരമുള്ള സംസ്ഥാന വ്യവഹാരനയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഈ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന സർക്കുലറുകളിലൂടെയും, കത്തുകളിലൂടെയും സർക്കാർ അഭിഭാഷകർക്കും, ഉദ്യോഗസ്ഥർക്കും കേസ്സുകൾ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| (ബി) | ഓരോ കേസ്സിലും സർക്കാരിനെതിരെ വരുന്ന വിധികൾ പരിശോധിച്ച് അവയിലെ വീഴ്ചകൾ കണ്ടെത്തുന്നതിനും, | ഉണ്ട്. സർക്കാർ അഭിഭാഷകരുടെ വീഴ്ച മൂലം സംസ്ഥാന താൽപര്യത്തിന് വിരുദ്ധമായി കോടതി വിധികൾ ഉണ്ടാകുകയാണെങ്കിൽ ആ വിധികൾ പരിശോധിച്ച് അത് തിരുത്തേണ്ട നടപടികൾ |

| | | |
|---|---|---|
| | ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കുന്നതിനും നിലവിൽ സംവിധാനങ്ങളുണ്ടോ ; | സ്വീകരിക്കുകയും, വീഴ്ച വരുത്തിയ സർക്കാർ അഭിഭാഷകർക്കെതിരെ സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടം പ്രകാരവും പബ്ലിക് അക്കൗണ്ട്സ് ആക്ട് പ്രകാരവും സ്വീകരിക്കാറുണ്ട്. |
| (സി) | ഇക്കാര്യത്തിൽ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; | ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ആഫീസർ**